163 (2541) സഹകരണരംഗത്തെ സ്വാശ്രയ കോളേജുകൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ:
ശ്രീ.ജോർജ്ജ്.ജെ.മാത്യു:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണരംഗത്ത് സ്വാശ്രയ വിദ്യാഭ്യാസകോഴ്സുകൾ ആരംഭിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്;

(ബി) സഹകരണ രംഗത്ത് ഏതെങ്കിലും സ്വാശ്രയ കോഴ്സ് നടത്തുന്ന സ്ഥാപനം ഈ ഗവൺമെന്റ് നിലവിൽ വന്നതിനു ശേഷം ഏറ്റെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ സ്വാശ്രയ കോഴ്സുകൾ സഹകരണരംഗത്ത് ആരംഭിക്കുന്നതുകൊണ്ടുണ്ടാകുമെന്ന് ഗവൺമെന്റ് കണ്ടെത്തിയിട്ടുള്ള പ്രയോജനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ള സ്ഥാപനം അതിന്റെ സ്ഥാപകർക്ക് വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണമേഖലയുടെ സാമ്പത്തിക സഹായത്തോടെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചാൽ ഇക്കാര്യത്തിലുള്ള കേരളത്തിലെ പരിമിതമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കാം എന്നു കരുതുന്നു.

(ബി)ആന്റ്(സി) കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസ് ക്ളിപ്തം 4386, അതിനോടൊപ്പം പ്രവർത്തിക്കുന്ന "അക്കാദമി ഓഫ് മെഡിക്കൽ സയൻസ" എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്, സ്ഥാപനങ്ങളുടെ അന്നത്തെ ഭാരവാഹികൾ പൊതു സ്വത്തിന്റെയും പൊതു മുതലിന്റെയും ദുരുപയോഗത്തിനും ദുർവ്യയത്തിനും ഇടയാക്കിക്കൊണ്ട് സഹകരണ ആശുപത്രി കോംപ്ലക്സിലും, മെഡിക്കൽ സയൻസ് അക്കാദമിയിലുള്ള അവരുടെസ്വന്തം നേട്ടങ്ങൾക്കായി ദുർഭരണം നടത്തി വരികയായിരുന്നതിനാലാണ് പൊതുജന താല്പര്യാർത്ഥവും സൊസൈറ്റി നടത്തുന്ന മെഡിക്കൽ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ താല്പര്യാർത്ഥവും കണക്കിലെടുത്ത്, സൊസൈറ്റിയുടെ ശരിയായ ഭരണ നിർവഹണത്തിനുവേണ്ടി, സർക്കാർ ആ സ്ഥാപനം അന്ന് ഏറ്റെടുത്തത്.

164 (2542) സഹകരണ സ്ഥാപനങ്ങളിലെ വ്യാജ അംഗത്വം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ വ്യാജ അംഗത്വം നൽകിവരുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുവാൻ എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നതെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly